(ബി) ധാരാളം രൂപ ചെലവഴിച്ച ഈ റോഡിന്റെ സ്ഥിതി അനുദിനം മോശമായിക്കൊണ്ടിരിക്കുന്നത് ശ്രദ്ധയിൽപ്പെട്ടിട്ടുണ്ടോ ; എങ്കിൽ എന്തുകൊണ്ടാണെന്ന് അറിയിക്കുമോ ;

(സി) വാമനപുരം-ചിറ്റാർ റോഡ് ബി.എം.ബി.സി. രീതിയിൽ നവീകരിക്കേണ്ട ആവശ്യകത ബോധ്യപ്പെട്ടിട്ടുണ്ടോ ;

(ഡി) വാമനപുരം-ചിറ്റാർ റോഡ് ബി.എം.ബി.സി. രീതിയിൽ പുനരുദ്ധരിക്കുന്നതിനായി ഏതെങ്കിലും പ്രൊപ്പോസൽ പരിഗണനയിലുണ്ടോ ; വിശദാംശം ലഭ്യമാക്കുമോ ;

(ഇ) പ്രസ്തുത റോഡ് പുനരുദ്ധരിക്കുന്നതിന് തുക അനുവദിക്കുന്നതിന് നടപടി സ്വീകരിക്കുമോ ?

ഉത്തരം

(എ) വാമനപുരം-ചിറ്റാർ റോഡിന്റെ നവീകരണത്തിനും അറ്റകുറ്റപ്പണികൾക്കുമായി 18 പ്രവൃത്തികൾ ചെയ്തിട്ടുണ്ട്. നാളിതുവരെ 314.50 ലക്ഷം രൂപ ചെലവായിട്ടുണ്ട്.

(ബി) ശ്രദ്ധയിൽപ്പെട്ടിട്ടുണ്ട്. ഓടകളുടെ അപര്യാപ്തതയും വളരെയധികം വർദ്ധിച്ച ട്രാഫിക്കും കാരണമാണ് റോഡിന്റെ സ്ഥിതി അനുദിനം മോശമായിക്കൊണ്ടിരിക്കുന്നത്.

(സി) ഉണ്ട്.

(ഡി & ഇ) ഉണ്ട്. ബി.എം & ബി.സി ചെയ്യുന്നതിനുവേണ്ടി ചീഫ് എഞ്ചിനീയർ തയ്യാറാക്കി സമർപ്പിച്ച എസ്റ്റിമേറ്റ് പരിശോധിച്ചുവരുന്നു. ഈ പ്രവൃത്തി, നബാർഡ് (RIDF-21) സഹായത്തോടെ നടപ്പാക്കുന്ന കാര്യം പരിശോധിക്കുന്നതാണ്.

ചെറുതാഴം-കുറ്റൂർ-പെരിങ്ങോം റോഡിന് ഭരണാനുമതി

147 (2643) ശ്രീ. ടി. വി. രാജേഷ് : താഴെ കാണുന്ന ചോദ്യത്തിന് പൊതുമരാമത്ത് വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ :

കണ്ണൂർ ജില്ലയിലെ ചെറുതാഴം-കുറ്റൂർ-പെരിങ്ങോം റോഡിന്റെ ചന്തപ്പുര മുതൽ മാതമംഗലം വരെയുള്ള ഭാഗം ബി.എം ആന്റ് ബി.സി ആക്കി ഉയർത്തുന്നതിന് വിശദമായ എസ്റ്റിമേറ്റ് സമർപ്പിച്ചിരുന്നുവെങ്കിലും ഭരണാനുമതി ലഭിച്ചിട്ടില്ല

LIBRARY ARCHIVES Kerala Legislative Assembly

എന്നത് ശ്രദ്ധയിൽപ്പെട്ടിട്ടുണ്ടോ ; എങ്കിൽ പ്രസ്തുത റോഡു നിർമ്മാണത്തിന് ഭരണാനുമതി ലഭ്യമാക്കാനാവശ്യമായ നടപടി സ്വീകരിക്കുമോ ?

ഉത്തരം

കണ്ണൂർ ജില്ലയിലെ ചെറുതാഴം-കുറ്റൂർ-പെരിങ്ങോം റോഡിന്റെ ചന്തപ്പുര മുതൽ മാതമംഗലം വരെയുള്ള ഭാഗം ബി.എം ആന്റ് ബി.സി ആക്കി ഉയർത്തുന്നതിനുള്ള വിശദമായ പദ്ധതി റിപ്പോർട്ട് സർക്കാരിൽ ലഭ്യമായിട്ടുണ്ട്. ഫണ്ടിന്റെ ലഭ്യത അനുസരിച്ച് മാത്രമേ ഭരണാനുമതി നൽകുവാൻ സാധിക്കുകയുള്ളൂ.

പാലക്കാട് ജില്ലയിലെ പി.ഡബ്ല്യു.ഡി റോഡുകളുടെ നവീകരണം

148 (2644) ശ്രീ. എം. ഹംസ : താഴെ കാണുന്ന ചോദ്യങ്ങൾക്ക് പൊതുമരാമത്ത് വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ :

(എ) പാലക്കാട് ജില്ലയിലെ പി.ഡബ്ല്യു.ഡി റോഡുകളുടെ നവീകരണത്തിനും, അറ്റകുറ്റപ്പണികൾക്കുമായി 1-7-2011 മുതൽ 31-5-2015 വരെ എത്ര തുകയാണ് അനുവദിച്ചത് ;

(ബി) ഓരോ റോഡുകളുടെയും നവീകരണത്തിനായി ചെലവഴിച്ച തുകയുടെ വിശദാംശം നൽകാമോ ;

(സി) കാലവർഷത്തിന് മുന്നോടിയായി ഒറ്റപ്പാലം അസംബ്ലി മണ്ഡലത്തിലെ പി.ഡബ്ല്യു.ഡി റോഡുകൾ ഗതാഗത യോഗ്യമാക്കുന്നതിനായി അടിയന്തര ധനസഹായം ലഭ്യമാക്കുമോ ; വിശദാംശം നൽകാമോ ?

ഉത്തരം

(എ) പാലക്കാട് ജില്ലയിലെ പി.ഡബ്ല്യു.ഡി റോഡുകളുടെ നവീകരണത്തിനും അറ്റകുറ്റപ്പണികൾക്കുമായി 1.7.2011 മുതൽ 31-5-2015 വരെ ദേശീയപാത വിഭാഗത്തിൻകീഴിൽ 5669.73 കോടി രൂപയും നിരത്തുവിഭാഗത്തിൻകീഴിൽ 400,18,09,688 രൂപയും (നാനൂറ് കോടി പതിനെട്ട് ലക്ഷത്തി ഒൻപതിനായിരത്തി അറുനൂറ്റി എൺപത്തിയെട്ട് രൂപ) അനുവദിച്ചിട്ടുണ്ട്.

LIBRARY ARCHIVES Kerala Legislative Assembly